പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3225 | 13/03/2017 ൽ മറുപടിക്ക്

## കൊയിലാണ്ടി നഗരസഭയിലെ സമഗ്ര കടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ദാസൻ | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) കൊയിലാണ്ടി നഗരസഭയിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി നഗരസഭയുടെ സ്ഥലം ജലവിഭവ വകുപ്പിന് വിട്ടുനല്കുന്നതിന് സർക്കാർ തലത്തിൽ അനുമതിയ്ക്കായി കൊയിലാണ്ടി നഗരസഭ 15/12/2016 തീയതിയിലെ ടി.എ. 11285/2016 പ്രകാരം സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ (നഗര കാര്യ ഡയറക്ടർ മുഖേന) സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | എ) കൊയിലാണ്ടി നഗരസഭയിൽ നടപ്പിലാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി നഗരസഭയുടെ സ്ഥലം ജലവിഭവ വകുപ്പിന് വിട്ടുനല്കുന്നതിനുള്ള ശുപാർശ നഗരകാര്യ ഡയറക്ടർ 08/03/2017-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരികയാണ്. |
| ബി) രണ്ട് മാസം കഴിഞ്ഞിട്ടും പ്രസ്തുത ഫയലിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തത് പ്രസ്തുത പദ്ധതി നടത്തിപ്പിനെ ദോഷകരമായി ബാധിക്കുമെന്ന സ്ഥിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ഇല്ല |
| സി) അടിയന്തരമായി നഗരസഭയുടെ അപേക്ഷ പരിഗണിച്ച് പ്രസ്തുത വിഷയത്തിൽ തീർപ്പുണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) കൊയിലാണ്ടി നഗരസഭയുടെ അപേക്ഷ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ